(എ) ഹരിജൻ സൊസൈറ്റികളെ ആഡിറ്റ് ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് കൽപ്പന പുറപ്പെടുവിച്ചത് എന്നു പറയുമോ;

(സി) ഇങ്ങിനെ ഒഴിവാക്കി കൽപ്പനയായ ശേഷവും ഹരിജൻ യൂണിയൻ സൊസൈറ്റികളിൽ നിന്ന് ആഡിറ്റ് ഫീസ് ഈടാക്കി വരുന്നതായി വല്ല പരാതിയും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതൊക്കെ സൊസൈറ്റിയിൽ നിന്ന്;

(ഇ) ഈ പരാതികളിൽ എന്തു നടപടി ആണ് സ്വീകരിച്ചതെന്നു പറയുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഉണ്ട്.

(ബി) 15-5-1969-ൽ അതായത് കേരളാ കോപ്പറേറ്റീവ് ചട്ടം 1969 നിലവിൽ വന്നതു മുതൽ.

(സി) 15-5-1969-ന് ശേഷമുള്ള കാലത്തേക്ക് ആഡിറ്റ് ഫീസ് ഈടാക്കി വരുന്നതായി പരാതിയൊന്നും കിട്ടിയിട്ടില്ല.

(ഡി, ഇ) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഗ്രാമീണ കലാ അക്കാഡമി

*328. [345] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഒരു ഗ്രാമീണ കലാ അക്കാഡമി രൂപീകരിക്കാൻ നടപടികൾ എടുക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദു കോയ): ഇപ്പോഴം ആലോചനയിൽ ഇല്ല.

മിച്ചഭൂമിക്ക് അർഹരായവർക്ക് ഭൂമി നൽകാത്ത കേസ്സുകൾ

*329. [346] ശ്രീ. കെ. ടി. കുമാരൻ:
ശ്രീ. പി. കെ. ശ്രീനിവാസൻ:
ശ്രീ. എം. കെ. കേശവൻ:
ശ്രീ. വി. കെ. രാജൻ:
ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മിച്ചഭൂമിക്ക് അർഹരായി തിരഞ്ഞെടുത്ത് പണം അടച്ചതിനു ശേഷവും ഭൂമി നൽകാത്ത ഏതെങ്കിലും കേസ്സുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അർഹരായവർക്ക് ഭൂമി ലഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയന്റെ നിവേദനം

*330. [347] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി:
ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ ഗവൺമെൻറിലേക്ക് വല്ല നിവേദനവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്;

(സി) നിവേദനത്തിലെ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പാക്കുമോ;

(ഡി) സഹകരണ ജീവനക്കാർ മാർച്ച് 8 മുതൽ പണി മുടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടോ;

(ഇ) ഈ പണിമുടക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) ഉണ്ട്.

(ബി) ശമ്പള പരിഷ്കാരം ഉൾപ്പെടെയുള്ള വേതന പരിഷ്കാരം ആവശ്യപ്പെട്ടുകൊണ്ടും സഹകരണ നിയമത്തിലെ 80-ാം വകുപ്പിന്റെ കീഴിലുള്ള ചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചു കൊണ്ടും ഉള്ളതാണ് നിവേദനം.

(സി) നിവേദനത്തിലെ എല്ലാ ആവശ്യങ്ങളും അംഗീകരിച്ച് നടപ്പാക്കാവുന്നവയല്ല. നടപ്പാക്കാവുന്നവ പരിശോധിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നതാണ്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly